**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 259** **22-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിനെ അതിജീവിക്കാൻ സഹകരണ വകുപ്പിന്റെ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്തെ അതിജീവിക്കുന്നതിനായി പൊതുജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കോവിഡ് സാഹചര്യത്തെ അതിജീവിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെയ്തു വരുന്ന സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS) 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ "മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. 2) SLF (Special Liquidity Facility) വായ്പ പദ്ധതി കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും(MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി |

സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF –II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. 3) കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്സ് ആപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീട്ടുകളിലെത്തിച്ചു നൽകുന്നു. ക്വാറന്റൈൻ ഇരിക്കുന്നവരുടേയും, കണ്ടെയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടേയും, കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടേയും വീട്ടുകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചു നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും, സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വിട്ടുകളിലെത്തിക്കുകയും മൊബൈൽ ത്രുവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര, തീരദേശ മേഖലകളിലും, കണ്ടെയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും, മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും, കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും വിപണിയിലെത്തിക്കുന്നു. 4) കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗ സംഘങ്ങൾക്ക് ക്ലോത്ത്ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ്, സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകി വരുന്നു. ഈ ഇനത്തിൽ 14,00,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 5) കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ.കിറ്റ്, ഉടങ്ങിയവ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിത സഹകരണ സംഘങ്ങൾ മുഖേന 10 നിർമ്മാണ

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6) കൊവിഡ്19 മഹാമാരിയെത്തുടർന്ന് സർക്കാർ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമാക്കുന്ന ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അതാത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർ നൽകുന്ന പട്ടിക പ്രകാരമുള്ളതോ, അല്ലെങ്കിൽ ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ, ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ വഴി സംഭാവന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 7) 1 മുതൽ 12 വരെയുള്ള ക്ലാസുകളിലേക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ഒരു ഉപഭോക്താവിന് പരമാവധി 10,000/- രൂപ വരെ പലിശരഹിതവായ്പ നൽകുന്നതിനായി 'വിദ്യാതരംഗിണി വായ്പ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ